329

File No.LBRD-F3/519/2017-LBRD

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വെൽഫെയർ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ.ഉ.(കൈ) നം./107/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 21/12/2017

പരാമർശം ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ 13.12.2017 ലെ 321/ഇ.എസ്.ഐ/2017/എം (എൽ & എക്സ്) നമ്പർ കുറിപ്പ്

ഉത്തരവ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സയും സേവനങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിലും ഓരോ വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| ഇ.എസ്.ഐ. ആശുപത്രി വെൽഫെയർ കമ്മിറ്റി | | |
|---|---|---|
| ചെയർമാൻ | ആശുപത്രി സൂപ്രണ്ട് | |
| കൺവീനർ | സീനിയർ മെഡിക്കൽ ആഫീസർ | |
| അംഗങ്ങൾ | 1 | നേഴ്സിംഗ് സൂപ്രണ്ട് |
| | 2 | സീനിയർ സൂപ്രണ്ട് / ജൂനിയർ സൂപ്രണ്ട് |
| | 3 | സീനിയർ പാരാമെഡിക്കൽ സ്റ്റാഫ് |
| | 4 | Class IV വിഭാഗത്തിലെ സീനിയർ ജീവനക്കാരൻ / ജീവനക്കാരി |
| ഇ.എസ്.ഐ. ഡിസ്പെൻസറി വെൽഫെയർ കമ്മിറ്റി | | |
| കൺവീനർ | ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ | |
| അംഗങ്ങൾ | 1 | നഴ്സിംഗ് വിഭാഗത്തിലെ സീനിയർ ജീവനക്കാരി |
| | 2 | ഫാർമസിസ്റ്റ് |

| | | |
|---|---|---|
| | 3 | ഓഫീസ് വിഭാഗത്തിലെ സീനിയർ ജീവനക്കാരൻ / ജീവനക്കാരി |
| | 4 | Class IV വിഭാഗത്തിലെ സീനിയർ ജീവനക്കാരൻ / ജീവനക്കാരി |

2) വെൽഫെയർ കമ്മിറ്റികളുടെ കർത്തവ്യങ്ങൾ ചുവടെ ചേർക്കുന്നു.

(i) സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കൽ, മരുന്ന് വിതരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പടെയുള്ള എല്ലാ വിഷയങ്ങളും മാസത്തിൽ ഒരു തവണയെങ്കിലും കമ്മിറ്റി ചേർന്ന് പരിഗണിക്കേണ്ടതാണ്.

(ii) ഫീഡിംഗ് ഡിസ്പെൻസറികളിൽ രൂപീകരിക്കപ്പെടുന്ന വെൽഫെയർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർക്ക് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(iii) ആശുപത്രി സൂപ്രണ്ടുമാർ ഈ നിർദ്ദേശങ്ങളും ആശുപത്രികളിൽ രൂപീകരിക്കപ്പെടുന്ന വെൽഫെയർ കമ്മിറ്റികളുടെ നിർദ്ദേശങ്ങളും ആശുപത്രി വികസന സമിതിയുടെ അജണ്ടയിൽ ഒരു ഇനമായി ഉൾപ്പെടുത്തേണ്ടതാണ്.

(iv) ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് ഇംപ്രൂവ്മെന്റ് ഫണ്ട് / റിപ്പയർ ആന്റ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ഓരോ സ്ഥാപനത്തിനും ലഭിക്കുന്ന തുക സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടെന്ന് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മോഹനകുമാർ.എ.കെ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം (പകർപ്പ് എല്ലാ ഇ.എസ്.ഐ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും അയച്ചു കൊടുക്കേണ്ടതാണ്.)

സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ.

റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/ കൊച്ചി/ കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ/ ഡി.ബി.സെൽ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

**മേലെഴുത്ത് കത്ത് നം.ബി2-20543/2017/ഡി.ഐ.എം.എസ്.തീയതി.04/01/2018.**

ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി അയയ്ക്കുന്നു. കമ്മിറ്റിയുടെ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് വേണ്ടി.

സ്വീകർത്താവ്,

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല,കൊല്ലം/ മദ്ധ്യമേഖല,എറണാകുളം/ഉത്തര മേഖല,കോഴിക്കോട്.
2) ആശുപത്രി സൂപ്രണ്ടുമാർ.
3) ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപന മേധാവികൾ.

പകർപ്പ്-

ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
സീനിയർ ഫിനാൻസ് ഓഫീസർ/ ഡയറക്ടറുടെ സി.എ/
ഇ.ഗവ.സെക്ഷൻ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനായി)

*എ.ഡി.എസ്- 08-01-18*